ക്യൂ.ഐ.പി.1/9141/2020/ഡിജിഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസ്,
തിരുവനന്തപുരം, തീയതി 08-05-2020

# സർക്കുലർ

വിഷയം; പൊ.വി.-2020-21 അദ്ധ്യയന വർഷത്തേക്കുള്ള കുട്ടികളുടെ പ്രൊമോഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

സൂചന; 28.10.2017-ലെ സർക്കാർ ഉത്തരവ് (കൈ)നം.133/2017/പൊ.വി.വ.

കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പ്രൈമറി, ഹൈസ്കൂൾതല വാർഷികപരീക്ഷകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാലും, വേനലവധിക്കാലം കഴിയാറായതിനാലും ബാക്കിയുള്ള പരീക്ഷകൾ പൂർത്തീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ കുട്ടികൾക്ക് തൊട്ടുമുകളിലുള്ള ക്ലാസ്സുകളിലേക്ക് പ്രൊമോഷൻ നൽകേണ്ടതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒന്നാംക്ലാസ്സുമുതൽ എട്ടാംക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും തൊട്ടുമുകളിലുള്ള ക്ലാസ്സിലേക്ക് നിലവിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രൊമോഷൻ നൽകേണ്ടതും ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.
2. ഒൻപതാം ക്ലാസ്സിൽ ഇതിനകം പൂർത്തീകരിച്ച പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പരീക്ഷ നടത്താൻ കഴിയാത്ത ഒന്നാം ഭാഷ പേപ്പർ-2, സാമൂഹ്യ ശാസ്ത്രം, കലാകായിക പ്രവൃത്തി പരിചയം എന്നിവയുടെ കാര്യത്തിൽ ഓരോ കുട്ടിയുടെയും അർദ്ധ വാർഷിക പരീക്ഷയ്ക്ക് ലഭിച്ച സ്കോർ പ്രൊമോഷൻ നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും കുട്ടികൾ അർദ്ധ വാർഷിക പരീക്ഷ എഴുതാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ ആ കുട്ടിയുടെ പ്രസ്തുത വിഷയങ്ങളിലുള്ള പാദവാർഷിക പരീക്ഷയുടെ സ്കോർ പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികൾ പാദവാർഷിക/അർദ്ധവാർഷികപരീക്ഷകൾ എഴുതാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ ആ കുട്ടികൾക്ക് സ്കൂൾ തലത്തിൽ ചോദ്യപ്പേപ്പർ തയ്യാറാക്കി സൂചന ഉത്തരവ് പ്രകാരം പ്രസ്തുത വിഷയങ്ങളുടെ മൂല്യനിർണ്ണയം നടത്താവുന്നതും ആ സ്കോർ പരിഗണിക്കേണ്ടതുമാണ്.

14/5/2020 AS

...മറുപുറം

3. ഒൻപതാം ക്ലാസ്സിലെ പരീക്ഷാപേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനും, പാദവാർഷിക/അർദ്ധവാർഷികപരീക്ഷയ്ക്ക് ലഭിച്ച സ്കോറുകൾ ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ലഭ്യമാക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്കു വിധേയമായി പ്രധാനാദ്ധ്യാപകൻ നടത്തേണ്ടതാണ്.
4. ഇത്തരത്തിൽ സമയബന്ധിതമായി മൂല്യനിർണ്ണയപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ട അദ്ധ്യാപകർ, വിദ്യാഭ്യാസ ആഫീസർമാർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.
5. മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ കുട്ടികൾക്ക് പത്താംക്ലാസ്സിലേക്ക് പ്രൊമോഷൻ നൽകേണ്ടതും, പ്രൊമോഷൻ ലിസ്റ്റ് മെയ് 20-നകം പ്രസിദ്ധീകരിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
5. കരുതൽ ഫയൽ

A5/1806/2020 dt. 14/5/20

പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കും നൽകുന്നു

DEO ആലുവ
14/5